# ഒരു വർഷം നീളുന്ന പരിപാടികൾ

**2009** ആഗസ്റ്റ് മുതൽ 2010 ആഗസ്റ്റ് വരെയുള്ള ഒരു വർഷക്കാലം *പ്രബോധനം* അറുപതാം വാർഷികം ആഘോഷിക്കുകയാണ്. വിപുലമായ പരിപാടികളാണ് അതിനായി ആവിഷ്കരിച്ചിട്ടുള്ളത്. കേരളത്തിലെ നിരവധി ഇസ്ലാമിക പ്രസിദ്ധീകരണങ്ങൾക്കിടയിൽ അറുപതാണ്ട് പിന്നിടുന്ന ഏക പ്രസിദ്ധീകരണമാണ് *പ്രബോധനം* എന്നതിൽ തീർച്ചയായും ഞങ്ങൾക്ക് അതിയായ അഭിമാനവും ആഹ്ലാദവുമുണ്ട്. ആ ആഹ്ലാദവും അഭിമാനവും വായനക്കാരുമായി പങ്കുവെക്കുക മാത്രമല്ല അറുപതാം വാർഷികാചരണത്തിന്റെ ലക്ഷ്യം. *പ്രബോധനം* ഇതുവരെ എന്തുനേടി, എന്തു നഷ്ടപ്പെട്ടു, ഇനി നേടേണ്ടതെന്ത് എന്നീ അന്വേഷണങ്ങളാണ് ഞങ്ങൾ തയാറാക്കിയ വാർഷിക പരിപാടികളുടെ അന്തസ്സത്ത. പിന്നിട്ട ആറുപതിറ്റാണ്ട് നീണ്ട വഴിയിലേക്കുള്ള തിരിഞ്ഞുനോട്ടവും പിന്നിടാനുള്ള അനന്ത ദൂരത്തിലേക്കുള്ള എത്തിനോട്ടവും. പത്രത്തിന്റെയും പ്രസ്ഥാനത്തിന്റെയും മുസ്‌ലിം സമുദായത്തിന്റെയും പൊതു സമൂഹത്തിന്റെയുമെല്ലാം നല്ല നാളേക്കുവേണ്ടിയുള്ള പരിഷ്കരണങ്ങളുടെ അന്വേഷണമാണ് നമ്മുടെ എല്ലാ പരിപാടികളും.

കൃത്യമായി പറഞ്ഞാൽ ആഗസ്റ്റ് ഒന്നിനാണ് *പ്രബോധന*ത്തിന്റെ അറുപതാം ജന്മദിനം. സാങ്കേതിക കാരണങ്ങളാൽ ഉദ്ഘാടന സമ്മേളനം ഒക്ടോബർ രണ്ടിലേക്ക് നീട്ടുകയായിരുന്നു. *പ്രബോധന*ത്തിന്റെ ജന്മദേശമായ വളാഞ്ചേരി എടയൂരിലെ ഐ.ആർ.എസ് അങ്കണത്തിൽ വൈകുന്നേരം 4 മണിക്കാണ് ഉദ്ഘാടന സമ്മേളനം ആരംഭിക്കുന്നത്. ജമാഅത്തെ ഇസ്‌ലാമി കേരള അമീർ ടി. ആരിഫലി, *റേഡിയൻസ്* പത്രാധിപർ ഇഅ്ജാസ് അഹ്മദ് അസ്‌ലം, ടി.കെ അബ്ദുല്ല എന്നിവർ ഉൾപ്പെടെയുള്ള പ്രമുഖ പ്രസ്ഥാന നേതാക്കൾക്ക് പുറമെ പാർലമെന്റ് മെമ്പറും സംസ്ഥാനത്തെ മുൻ വിദ്യാഭ്യാസ മന്ത്രിയുമായ ഇ.ടി മുഹമ്മദ് ബഷീർ, എം.എൽ.എമാരായ കെ.ടി ജലീൽ, മഞ്ഞളാംകുഴി അലി, പ്രശസ്ത നോവലിസ്റ്റ് കെ.പി രാമനുണ്ണി തുടങ്ങിയ പ്രമുഖ രാഷ്ട്രീയ, സാംസ്കാരിക വ്യക്തിത്വങ്ങളും സമ്മേളനത്തിൽ പങ്കെടുക്കും.

2009 നവംബറിൽ പുറത്തിറങ്ങുന്ന *പ്രബോധനം* അറുപതാം വാർഷിക സ്പെഷ്യൽ ഈ പരിപാടികളുടെ കൂട്ടത്തിൽ എടുത്തു പറയേണ്ട വിശേഷമാണ്. കേരളത്തിലെ ലബ്ധ പ്രതിഷ്ഠരായ സാഹിത്യ, സാംസ്കാരിക നായകന്മാർ ഇസ്‌ലാമിനെക്കുറിച്ചുള്ള അവരുടെ കാഴ്ചപ്പാടുകൾ കലവറയില്ലാതെ അവതരിപ്പിക്കുന്നുണ്ടതിൽ. പല കാലയളവിലായി *പ്രബോധന*ത്തിന്റെ പ്രവർത്തനങ്ങളിൽ ഭാഗഭാക്കായിട്ടുള്ളവരുടെ അനുഭവക്കുറിപ്പുകളാണ് സ്പെഷ്യൽ പതിപ്പിനെ കൗതുകകരമാക്കുന്ന മറ്റൊരു ഘടകം.

2009 ഡിസംബറിൽ 'ദക്ഷിണ കേരളത്തിലെ ഇസ്‌ലാം, മുസ്‌ലിം സമൂഹം' എന്ന ശീർഷകത്തിൽ നടത്താനുദ്ദേശിക്കുന്ന സെമിനാറും ശ്രദ്ധേയമാകുന്നതാണ്. ചരിത്രത്തിന്റെ ബോധപൂർവമായ ധ്വംസനവും അപനിർമാണവും അരങ്ങേറിക്കൊണ്ടിരിക്കുന്ന ആധുനിക സാഹചര്യത്തിൽ ഏറെ പ്രാധാന്യമർഹിക്കുന്നതാണീ വിഷയം. കേരള ചരിത്രത്തിൽ മലബാർ മുസ്‌ലിം ചരിത്രം കുറെയൊക്കെ ചർച്ച ചെയ്യപ്പെടാറുണ്ടെങ്കിലും ദക്ഷിണ കേരളത്തിലെ മുസ്‌ലിം ചരിത്രം അധികമൊന്നും വെളിച്ചം കണ്ടിട്ടില്ല. ഈ കുറവ് നികത്താനുള്ള ശ്രമത്തിന്റെ തുടക്കമായിട്ടാണ് പ്രമുഖ ചരിത്ര പണ്ഡിതന്മാരുടെ പങ്കാളിത്തത്തോടെ കൊല്ലം നഗരത്തിൽ നടത്തപ്പെടുന്ന ഈ സെമിനാറിനെ ഞങ്ങൾ കാണുന്നത്.

'ഇന്ത്യയിലെ മാധ്യമങ്ങളും പിന്നാക്ക ന്യൂനപക്ഷങ്ങളും' എന്ന വിഷയത്തെ ആധാരമാക്കിയുള്ള മാധ്യമ സെമിനാറാണ് 2010 ഏപ്രിൽ മാസത്തിൽ കൊച്ചിയിൽ നിശ്ചയിക്കപ്പെട്ട പരിപാടി. ഒരുവശത്ത് പത്രങ്ങളുടെ നടത്തിപ്പിലും നിയന്ത്രണത്തിലുമുള്ള പരിശുഷ്കമായ പ്രാതിനിധ്യം, മറുവശത്ത് നേരിടുന്ന പീഡനങ്ങളുടെയും പ്രയാസങ്ങളുടെയും നേരെ മുഖ്യധാരാ മാധ്യമങ്ങൾ അനുവർത്തിക്കുന്ന ക്രൂരമായ അവഗണന എന്നിങ്ങനെ രണ്ട് സങ്കീർണമായ പ്രശ്നങ്ങളെ അഭിമുഖീകരിച്ചുകൊണ്ടിരിക്കുകയാണ് പിന്നാക്ക ന്യൂനപക്ഷങ്ങൾ. ഈ രണ്ട് പ്രശ്നങ്ങളെ സഗൗരവമായ മാധ്യമ ചർച്ചക്ക് വിധേയമാക്കുകയാണ് ദേശീയ തലത്തിലെ പ്രമുഖ മാധ്യമ പ്രവർത്തകർ പങ്കെടുക്കുന്ന മാധ്യമ സെമിനാറിന്റെ ലക്ഷ്യം. സെമിനാറിന്റെ തുടർ പ്രവർത്തനമെന്ന നിലയിൽ തിരുവനന്തപുരത്തും കൊച്ചിയിലും കോഴിക്കോട്ടും പ്രാദേശിക മാധ്യമ പ്രവർത്തകരുടെ ഒത്തുചേരലും പരിപാടിയിട്ടിട്ടുണ്ട്.

വാർഷികാചരണത്തിന്റെ ഭാഗമായി നിശ്ചയിക്കപ്പെട്ട മറ്റൊരു പ്രധാന പരിപാടിയാണ് 'ഇസ്‌ലാം ഇൻഡക്സ്'. കേരളീയ ജനസംഖ്യയിൽ മൂന്നിലൊന്നോളം മുസ്‌ലിംകളാണെങ്കിലും ഇവിടത്തെ മുസ്‌ലിം സമുദായത്തിനും ഇതര സമുദായങ്ങൾക്കുമിടയിൽ അപരിചിതത്വത്തിന്റേതായ ഒരു ഭിത്തി നിലനിൽക്കുന്നുണ്ട്. മുസ്‌ലിം സമുദായത്തിൽ പ്രചാരത്തിലുള്ളതും അവരുടെ മത സാംസ്കാരിക ചരിത്രങ്ങളെ പ്രതിനിധാനം ചെയ്യുന്നതുമായ പല പദങ്ങളുടെയും ശരിയായ ഉച്ചാരണം പോലും സഹോദര സമുദായങ്ങൾക്ക് അജ്ഞാതമാണ്. പരസ്പര ധാരണയും സൗഹാർദവും വളർത്തുന്നതിന് വിഘാതമാണീ അജ്ഞത. ഈ വിടവ് നികത്തുന്നതിനുള്ള സക്രിയമായ നടപടി എന്ന നിലയിൽ ഇസ്‌ലാമിക പദാവലികളുടെ ശരിയായ ഉച്ചാരണവും ആശയവും ക്രമപ്പെടുത്തി എഴുത്തുകാർക്കും പത്രക്കാർക്കും പ്രയോജനപ്പെടും മട്ടിൽ പുസ്തക രൂപത്തിൽ ലഭ്യമാക്കുകയാണ് 'ഇസ്‌ലാം ഇൻഡക്സ്.'

കൂടാതെ സെക്യുലർ സാഹിത്യകാരന്മാരും ഇസ്‌ലാമിക എഴുത്തുകാരും തമ്മിൽ സംവാദവും സഹകരണവും സാധ്യമാക്കുന്ന 'എഴുത്തുകാരുടെ സംഗമം', പുതിയ എഴുത്തുകാരെ വളർത്തിക്കൊണ്ടുവരാനുതകുന്ന ശിൽപശാലകൾ, വിദ്യാർഥി-യുവജന വിഭാഗങ്ങൾക്കു വേണ്ടിയുള്ള വൈജ്ഞാനിക മത്സരങ്ങൾ എന്നിവയും അറുപതാം വാർഷികാചരണത്തിന്റെ ഭാഗമായി സംഘടിപ്പിക്കപ്പെടുന്നുണ്ട്.

സർവശക്തനായ അല്ലാഹുവിന്റെ അനുഗ്രഹവും പ്രസ്ഥാന പ്രവർത്തകരുടെയും പത്ര ബന്ധുക്കളുടെയും അകമഴിഞ്ഞ സഹകരണവുമാണ് എല്ലാ പരിപാടികളുടെയും വിജയനിദാനം. അത് രണ്ടും ഞങ്ങൾക്ക് വേണ്ടുവോളമുണ്ടാകുമെന്ന് പ്രതീക്ഷിക്കുകയും അതിനായി പ്രാർഥിക്കുകയും ചെയ്യുന്നു. ■